(എ) ഉണ്ട്.

(ബി) ദേശീയ യുവജന നയത്തിനനുസൃതമായ ഒരു യുവജനനയം പ്രഖ്യാപിക്കാനാണ് സംസ്ഥാനം ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി, കേരളത്തിൽ നിലവിലുള്ള യുവജന ക്ഷേമപ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും യുവജനങ്ങളുടെ സ്വയംതൊഴിൽ പരിശീലന പദ്ധതികളുടെ വിശദാംശങ്ങൾ ചർച്ചചെയ്യുന്നതിലേയ്ക്കായി, സംസ്ഥാനത്തെ വിവിധ യുവജന സാംസ്കാരിക സംഘടനകൾ, രാഷ്ട്രീയ കക്ഷികളുടെ യുവജന വിഭാഗത്തിന്റെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി രണ്ടു ദിദിന ശില്പശാലകൾ ഇതിനോടകം നടത്തി.

യുവജന ക്ഷേമപ്രവർത്തനങ്ങളെ വിലയിരുത്താനും, ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കാനുമായി, നിയോഗിക്കപ്പെട്ട 15 അംഗ വിദഗ്ദ്ധ സമിതി ഇതിനകം 12 തവണ കൂടുകയും വിവിധ വകുപ്പുകളുടെ പ്രതിനിധികളിൽനിന്നും വകുപ്പുകളിൽ നടക്കുന്ന യുവജന ക്ഷേമപ്രവർത്തനങ്ങളുടെ വിവരം ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, വിദഗ്ദ്ധ സമിതി രൂപം കൊടുത്ത ഒരു പഠനസംഘം മേയ് 12 മുതൽ 19 വരെ, കർണ്ണാടക, ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുകയും പ്രസ്തുത സംസ്ഥാനങ്ങളിലെ യുവജനക്ഷേമ പ്രവർത്തനങ്ങളുടെ വിശദ വിവരം ശേഖരിക്കുകയും ചെയ്തു. തുടർന്ന്, കേന്ദ്രഗവണ്മെന്റുദ്യോഗസ്ഥരുമായും സംസ്ഥാനത്തെ യുവജന പ്രതിനിധികളുമായും ചർച്ചകൾ നടന്നുകഴിഞ്ഞു. വിദ്യാർത്ഥി വിഭാഗത്തിന്റെ അഭിപ്രായവും കൂടി ആരാഞ്ഞുവരുന്നു.

(സി)&(ഡി) ലഭിച്ചിട്ടില്ല.

28 (*58) സഹകരണമേഖലയിൽ പ്രൊഫഷണൽ കോളേജുകൾ തുടങ്ങുന്നതിന് പദ്ധതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖല വിദ്യാഭ്യാസ രംഗത്തേയ്ക്ക് വ്യാപിപ്പിക്കുവാനുള്ള നയപരമായ തീരുമാനം ഗവണ്മെന്റ് കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) സഹകരണമേഖലയിൽ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും സെൽഫ് ഫിനാൻസിംഗ് വ്യവസ്ഥയിൽ തുടങ്ങാൻ പദ്ധതിയുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ സഹകരണമേഖലയിൽ പ്രൊഫഷണൽ കോളേജുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സഹകരണമേഖലയിൽ എഡ്യൂക്കേഷണൽ സഹകരണസംഘങ്ങൾ ഇപ്പോൾതന്നെ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകളും മറ്റു തൊഴിലധിഷ്ഠിത കോഴ്സുകളും സഹകരണ മേഖലയിൽ പുതിയതായി തുടങ്ങണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ സഹകരണ ബാങ്കുകളുടേയും പൂർണ്ണ പങ്കാളിത്തത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

"കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേരള)" എന്ന ഒരു സൊസൈറ്റി സഹകരണവകുപ്പിന്റെ നിയന്ത്രണത്തിൽ ഇതിനകം രജിസ്റ്റർ ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സഹകരണ അക്കാഡമിക് വടകരയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ 10 എഞ്ചിനീയറിംഗ് കോളേജുകളും എറണാകുളത്ത് ഒരു മെഡിക്കൽ കോളേജും തുടങ്ങുവാൻ പദ്ധതിയുണ്ട്.

(സി) ഇത് പരിശോധിക്കാവുന്നതാണ്.

29 (*59) റോഡുകൾ റബ്ബറൈസ്ഡ് ചെയ്യുന്നതിനുള്ള പദ്ധതി

ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ റബ്ബറൈസ്ഡ് ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഇതിനായി റബ്ബറൈസ്ഡ് ബിറ്റുമിൻ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) റബ്ബറൈസേഷൻമൂലം റോഡ് ടാറിംഗിന് ചെലവ് കൂടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഇ) റബ്ബറൈസേഷനിലൂടെ റോഡുകളുടെ ആയുർദൈർഘ്യം കൂടുമെന്നത് പരിഗണിച്ച് പ്രധാന റോഡുകളെല്ലാം റബ്ബറൈസ്ഡ് ചെയ്യുന്നതിന് സമയബന്ധിത പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(സി) റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുവാൻ കൊച്ചിൻ റിഫൈനറിയോടാവശ്യപ്പെട്ടിട്ടുണ്ട്. റബ്ബറൈസ്ഡ് ബിറ്റുമിന്റെ ഒരു സൂക്ഷ്മ മാതൃക (Phototype) ഇതിനകം കൊച്ചിൻ റിഫൈനറീസ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ പരീക്ഷണങ്ങൾ നടത്തിവരികയാണ്.

(ഡി) ഉണ്ട്.

(ഇ) കേരളത്തിലെ പ്രധാന റോഡുകളെല്ലാം ഘട്ടംഘട്ടമായി റബ്ബറൈസ്ഡ് ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആദ്യഘട്ടമെന്ന നിലയിൽ പതിനഞ്ചായിരം ടൺ റബ്ബറൈസ്ഡ് ബിറ്റുമിൻ ഈവർഷംതന്നെ കൊച്ചിൻ റിഫൈനറിയിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്.

30 (*60) 1999-2000-ൽ ആരംഭിക്കുന്ന പ്ലസ് ടു കോഴ്സുകൾ

ശ്രീ. ടി.എം. ജേക്കബ് :

LIBRARY ARCHIVES Kerala Legislative Assembly